**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2239** **13-09-2023 - ൽ മറുപടിയ്ക്ക്**

**സർക്കിൾ ഇൻസ്പെക്ടർ സൈജുവിനെതിരെയുള്ള ക്രിമിനൽ കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ശസ്ത്രക്രിയ കഴിഞ്ഞ് വീട്ടിൽ വിശ്രമത്തിലായിരുന്ന വനിതാ ഡോക്ടറെ പീഡിപ്പിച്ച കേസിലെ പ്രതിയായ സർക്കിൾ ഇൻസ്പെക്ടർ എ.വി.സൈജുവിനെതിരെയുള്ള കേസിന്റെ അന്വേഷണ പുരോഗതി ലഭ്യമാക്കാമോ; | (എ) | പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് സർക്കിൾ ഇൻസ്പെക്ടർ എ.വി. സൈജുവിനെതിരെ മലയിൻകീഴ് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 222/2022 പ്രകാരം രജിസ്റ്റർ ചെയ്ത കേസ് ക്രൈം ബ്രാഞ്ചിന് കൈമാറുകയുണ്ടായി. ക്രൈം നം. 55/CB/TVM/2022 U/s 376, 376(2)(a), 376(2)(i), 376(2)(I), 376(2)(n), 506(II) 323 IPC ആയി ക്രൈം ബ്രാഞ്ച് റീ-നമ്പർ ചെയ്ത കേസ് നിലവിൽ അന്വേഷണഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത കേസിലെ പ്രതിയായ സൈജുവിനെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എത്രകാലമായി ഇയാൾ ഒളിവിലാണെന്നും വ്യക്തമാക്കാമോ; | (ബി) | അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ ഹാജരായ എ.വി. സൈജുവിനെ മെഡിക്കൽ പരിശോധന, Potency Test എന്നിവയ്ക്ക് ശേഷം അറസ്റ്റ് രേഖപ്പെടുത്തുകയുണ്ടായി. തുടർന്ന് മുൻകൂർ ജാമ്യമനുവദിച്ചു കൊണ്ടുള്ള ബഹു. കേരള ഹൈക്കോടതി ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി ടിയാനെ വിട്ടയച്ചിട്ടുള്ളതാണ്. കൂടാതെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് വ്യാജരേഖ ചമച്ചതുമായി ബന്ധപ്പെട്ട് ക്രൈം ബ്രാഞ്ചിൽ Cr No. 618/CB-CU-1/TVM/R/2023 u/s 468, 471 & 34 IPC (Malayinkeezhu PS Crime No. 164/2023) പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി.. ടിയാൻ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ തീർപ്പാകുന്നതുവരെ ടി കേസിലെ മറ്റ് നിയമനടപടികൾ ഇടക്കാല ഉത്തരവിലൂടെ ബഹു. ഹൈക്കോടതി തടഞ്ഞിട്ടുണ്ട്. |
| (സി) | സർക്കിൾ ഇൻസ്പെക്ടർ സൈജുവിനെതിരെ എത്ര ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അതിൽ പീഡനക്കേസുകൾ എത്രയെന്ന് വിശദമാക്കാമോ; | (സി) | ഇൻസ്പെക്ടർ സൈജുവിനെതിരെ 4 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ രണ്ടെണ്ണം പീഡനക്കേസുകളാണ്.<br><br>1. Crime Branch, Crime No. 55/CB/TVM/2022 (Malayinkeezhu PS Crime No. 222/2022). |

| | | | |
|---|---|---|---|
| | | | 2. Crime Branch Crime No. 618/CB-CU-I/TVM/R/2023 (Malayinkeezhu PS Crime No. 164/2023)<br><br>3. Nedumangad PS Crime No. 2067/2022<br><br>4. Nedumangad PS Crime No. 2068/2022<br><br>ഇതിൽ നെടുമങ്ങാട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത രണ്ടു കേസുകളും ബഹു. കേരള ഹൈക്കോടതി റദ്ദ് ചെയ്യുകയുണ്ടായി. |
| (ഡി) | സർക്കിൾ ഇൻസ്പെക്ടർ സൈജുവിനെതിരെ എത്ര വകുപ്പുതല അന്വേഷണങ്ങളുണ്ടെന്ന വിശദാംശം നൽകാമോ? | (ഡി) | ഇൻസ്പെക്ടർ സൈജുവിനെതിരെ 2 വകുപ്പുതല അന്വേഷണം നിലവിലുണ്ട്.<br><br>പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഇൻസ്പെക്ടർ സൈജുവിനെ 26.11.2022 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 3365/2022/ആഭ്യന്തരം പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് വാക്കാലന്വേഷണത്തിനു ഉത്തവിട്ടിട്ടുണ്ട്. എ.ഡി.ജി.പി. (എച്ച്.ക്യൂ) നെ അന്വേഷണത്തിനു ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>ഇതിനു പുറമെ ദക്ഷിണ മേഖലാ പോലീസ് ഇൻസ്പെക്ടറിന്റെ D1-2913/2022/SZ തീയതി 26.03.2022 പ്രകാരം മറ്റൊരു വാക്കാലന്വേഷണവും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ